15 -ാം കേരള നിയമസഭ

9 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2451 — 13-09-2023 - ൽ മറുപടിയ്ക്ക്

പാലക്കാട് ജില്ലയിൽ കർഷകരിൽ നിന്നും സംഭരിച്ച നെല്ലിന്റെ വില

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ മാത്യൂ ടി. തോമസ് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | പാലക്കാട് ജില്ലയിൽ 2022 -23 സീസണിലെ രണ്ടാം വിളയിൽ എത്ര കർഷകരിൽ നിന്നും എത്ര നെല്ല് വീതം സംഭരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | **2022-23** സീസണിലെ രണ്ടാം വിളയിൽ പാലക്കാട് ജില്ലയിലെ **68,764** കർഷകരിൽ നിന്നും **1,79,009** മെട്രിക് ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്. |
| (ബി) | സംഭരിച്ച നെല്ലിന്റെ വിലയിനത്തിൽ എത്ര രൂപ നൽകിയെന്നും എത്രപേർക്ക് എത്ര രൂപ വീതം ഇനിയും നൽകാൻ ബാക്കിയുണ്ടെന്നും വിശദമാക്കാമോ; | (ബി) | പാലക്കാട് ജില്ലയിൽ നിന്നും സംഭരിച്ച നെല്ലിന്റെ വിലയിനത്തിൽ 59,964 കർഷകർക്കായി 434.5 കോടി രൂപ08/09/2023 വരെ നൽകിയിട്ടുണ്ട്. ഇനി 8800 കർഷകർക്കായി 72.44 കോടി രൂപ നല്കുവാൻ ബാക്കിയുണ്ട്. ടി തുക സ്റ്റേറ്റ് ബാങ്ക്, കാനറാ ബാങ്ക് എന്നിവ വഴി PRS വായ്പയായി വിതരണം ചെയ്തു വരുന്നു. |
| (സി) | കർഷകരിൽ നിന്നും സംഭരിച്ച നെല്ലിന്റെ വില നൽകുന്നതിൽ മുൻ കാലങ്ങളിൽ ഇല്ലാത്ത വിധം കാലതാമസമുണ്ടായതിന്റെ കാരണങ്ങൾ വിശദമാക്കാമോ; | (സി) | നെല്ല് സംഭരണത്തിനായി ചെലവായ തുക കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കാൻ കാലതാമസം നേരിട്ടത് മൂലവും സപ്ലൈകോയുടെ കടമെടുപ്പ് പരിധി അധികരിച്ചതിനാൽ വായ്പ അനുവദിക്കാൻ ബാങ്കുകൾ വിമുഖത കാണിച്ചതു മൂലവുമാണ് കർഷകർക്ക് നെല്ലിന്റെ വില നൽകുവാൻ കാലതാമസം നേരിട്ടത്. |
| (ഡി) | നെല്ലിന്റെ വില പൂർണ്ണമായും കർഷകർക്ക് കൊടുത്തു തീർക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ഡി) | **2022-23 സീസണിൽ 250373 കർഷകരിൽ നിന്നായി സപ്ലൈകോ 7,31,184 മെട്രിക് ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്. അതിന്റെ വിലയായ 2070.69 കോടി രൂപയിൽ 2023 മെയ് 16 വരെ പേ ഓർഡർ നല്കിയ കർഷകർക്ക് 1637.57 കോടി രൂപ നല്കിയതിന്റെ ബാക്കിയായി നെല്ലിന്റെ വില കൈകാര്യ ചിലവ് എന്നിവയുടെ ഇനത്തിൽ 54339 കർഷകർക്ക് 433 കോടി രൂപ കുടിശ്ശിക നൽകാനുണ്ടായിരുന്നു. ടി കുടിശ്ശിക നൽകുന്നതിനായി സർക്കാർ 180 കോടി രൂപ അനുവദിച്ചിരുന്നു. അനുവദിച്ച 180 കോടി രൂപയിൽ 71.29 കോടി രൂപ 50000/-രൂപയിൽ താഴെ കുടിശ്ശികയുണ്ടായിരുന്ന 26548 കർഷകരുടെ മുഴുവൻ കുടിശ്ശിക തുകയും അവരുടെ അക്കൗണ്ടിലേക്ക് നേരിട്ട് വിതരണം ചെയ്തിട്ടുണ്ട്. അൻപതിനായിരം രൂപയ്ക്ക് മുകളിൽ കുടിശ്ശിക നൽകാനുണ്ടായിരുന്ന** |

| | | | |
|---|---|---|---|
| | | | **27791 കർഷകരുടെ കുടിശ്ശിക തുകയിൽ 7.80 രൂപ നിരക്കിൽ സംസ്ഥാന പ്രോത്സാഹനബോണസ്, 12 പൈസ നിരക്കിൽ കൈകാര്യ ചിലവ് എന്നിവ ഉൾപ്പെടെ കിലോയ്ക്ക് 7.92 രൂപ നിരക്കിലുള്ള തുക കർഷകരുടെ അക്കൗണ്ടിലേക്ക് നേരിട്ട് നൽകിക്കഴിഞ്ഞു. ഇതിന് ശേഷം കിലോയ്ക്ക് 20.40 രൂപ നിരക്കിലുള്ള കുടിശ്ശിക തുക സ്റ്റേറ്റ് ബാങ്ക്, കാനറാ ബാങ്ക് എന്നിവ വഴി PRS ലോണായി നല്കി വരുന്നു. ഈയിനത്തിൽ 08/09/2023 വരെ 15,361 കർഷകർക്കായി 137.03 കോടി രൂപ വിതരണം ചെയ്തു കഴിഞ്ഞു.** |

സെക്ഷൻ ഓഫീസർ